## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6499 — 03.04.2018-ൽ മറുപടിക്ക്

### ഗാർഹിക തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഗാർഹിക തൊഴിലാളികൾക്ക് മാന്യമായ തൊഴിലും തൊഴിൽ സാഹചര്യങ്ങളും ഉറപ്പുവരുത്തുന്നതിലേയ്ക്ക് ജനീവയിൽ നടന്ന ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ 189-ാം കൺവെൻഷനിൽ ഉന്നയിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; | (എ) ജനീവയിൽ നടന്ന ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ 189-ാം കൺവെൻഷനിൽ ഇതു സംബന്ധിച്ച് ഉന്നയിച്ച പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:<br>1. ഗാർഹിക തൊഴിലാളികളുടെ മനുഷ്യാവകാശപരമായ കാര്യങ്ങൾ സംരക്ഷിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യുക.<br>2. സംഘടനാ സ്വാതന്ത്ര്യവും തൊഴിലവകാശങ്ങൾക്കുവേണ്ടിയുള്ള ആവശ്യപ്പെടലും, എല്ലാത്തരം നിർബന്ധിത ജോലികളിൽ നിന്നും വിടുതൽ ചെയ്യുക, ബാലവേല പൂർണ്ണമായും അവസാനിപ്പിക്കുക, ജോലി സംബന്ധമായ വിവേചനങ്ങൾ അവസാനിപ്പിക്കുക എന്നീ അടിസ്ഥാനപരമായ ആവശ്യങ്ങളും തൊഴിൽപരമായ അവകാശങ്ങളും സംരക്ഷിക്കുക.<br>3. എല്ലാത്തരം ചൂഷണങ്ങളിൽ നിന്നുമുള്ള സംരക്ഷണം ഉറപ്പുവരുത്തുക.<br>4. ഗാർഹിക തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ട നിലയിൽ സംരക്ഷിക്കുകയും തൊഴിലിടങ്ങൾ സൗഹാർദ്ദപരമായിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>5. ഗാർഹിക തൊഴിലാളികൾക്കും മറ്റ് തൊഴിലാളികൾക്ക് ലഭ്യമാകുന്നതുപോലുള്ള തൊഴിൽ നിയമങ്ങളനുസരിച്ചുള്ള ജോലിസമയം, ഓവർടൈം വേതനം, വിശ്രമവേള, ലീവ് ആനുകൂല്യങ്ങൾ എന്നിവ ഉറപ്പ് വരുത്തുക.<br>6. ലിംഗപരമായ വിവേചനങ്ങളില്ലാതെ എല്ലാ ഗാർഹിക തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പ് വരുത്തുക. |

| | | | |
|---|---|---|---|
| ബി) | ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു വരുത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | ഗാർഹിക തൊഴിലാളികൾക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് 29.12.2016 തീയതിയിലെ സ.ഉ(അച്ചടി) 202/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ഗാർഹിക തൊഴിലാളികൾക്ക് എല്ലാവിധ ചൂഷണങ്ങളിൽ നിന്നും അതിക്രമങ്ങളിൽ നിന്നും സുരക്ഷ ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | (സി) | തൊഴിൽ ചൂഷണം സംബന്ധിച്ച് പരാതി ലഭിച്ചാൽ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ